DESPATCHED
On.07/12/2021

05/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
# പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.980 (5)/18/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 4148/SIC-G7/2018

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. നിസ്സാം എച്ച്.,
എ.എ.ഹൗസ്, നിയർ ചെമ്പൂർ എൽ.പി.എസ്.,
മുദാക്കൽ പി.ഒ, തിരുവനന്തപുരം
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഡിവിഷൻ, മിനി വൈദ്യുതി ഭവൻ,
ആറ്റിങ്ങൽ പി.ഒ, തിരുവനന്തപുരം – 695101.

2. അപ്പീൽ അധികാരി,
കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഡിവിഷൻ, മിനി വൈദ്യുതി ഭവൻ,
ആറ്റിങ്ങൽ പി.ഒ, തിരുവനന്തപുരം – 695101.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 12.02.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 08.03.2018 |
| ഒന്നാം അപ്പീൽ | 12.03.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 13.04.2018 |
| രണ്ടാം അപ്പീൽ | 18.04.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 03.09.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.നിസ്സാം എച്ച്. 12.02.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, കല്ലമ്പലം ഇലക്ട്രിക്കൽ സെക്ഷനിലെ ഇലക്ട്രിസിറ്റി വർക്കറായ ശ്രീ.വിനു.പി യ്ക്ക് കേരള സർവ്വീസ് റൂളുകൾ പ്രകാരമുള്ള

അവധികൾ ഇല്ലാതെയും, ഡ്യൂട്ടിക്ക് ഹാജരാകാതെയും, ഓഫീസിൽ ഹാജാകാതെയും ശമ്പളം നൽകിയതിനുള്ള നിയമവ്യവസ്ഥ ലഭ്യമാക്കണ മെന്നായിരുന്നു.

**2.** പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 08.03.2018 ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 12.03.2018 ന് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ 13.04.2018 തീയതിയായി അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

**3.** ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷിക ളെയും നേരിൽ കേൾക്കുന്നതിനായി 03.09.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെല ഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി ഹാജരാകുകയും ചെയ്തു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

**4.** അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരി ശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ശ്രീ.വിനു.പി. എന്ന ജീവനക്കാരന് ശമ്പളം കൊടുക്കുന്നതിന് ആധാരമായ ഉത്തരവിന്റെ പകർപ്പ് ടിയാന് ലഭ്യമാക്കിയിട്ടുണ്ടെന്ന് എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കിയതായി കമ്മീഷൻ വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
Jn